AMLPS
Cherakkaparamba West

എ എം എൽ പി സ്കൂൾ
ചെരക്കാപറമ്പ് വെസ്റ്റ്
അരിപ്ര പി ഒ മലപ്പുറം ജില്ല 679321

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26

# <u>മാസ്റ്റർ പ്ലാൻ 2025-26</u>

## <u>ആമുഖം</u>

കാർഷികവൃത്തിയെ മാത്രം ആശ്രയിച്ചു ജീവിച്ചിരുന്ന ആളുകൾ താമസിച്ചിരുന്ന ഒരു ഗ്രാമമായിരുന്നു ചെരക്കാപറമ്പ് പ്രദേശം .ഏകദേശം 115 വർഷങ്ങൾക്ക് മുൻപാണ് ഇവിടെ ഒരു  പള്ളിക്കൂടം പ്രവർത്തിച്ചു തുടങ്ങുന്നത്. ആദ്യകാലത്ത് ഇത് ഒരു ഓത്തു പള്ളിക്കൂടമായിരുന്നു. വിദ്യാഭ്യാസപരമായി വളരെ പിന്നാക്കം നിന്നിരുന്ന ഈ പ്രദേശത്തെ ഏക വിദ്യാഭ്യാസ സ്ഥാപനം ഇതു മാത്രമായിരുന്നു. ലഭ്യമായ രേഖകൾ പ്രകാരം  1935 ൽ പലയക്കോടൻ ശ്രീ മമ്മത് മുല്ലാക്കയാണ് ഈ സ്ഥാപനം പ്രാഥമിക വിദ്യാലയമായി മാറ്റിയെടുത്തത്. ഇപ്പോൾ വിദ്യാലയത്തിന്റെ മാനേജർ ശ്രീ പാറക്കോട്ടിൽ ഉണ്ണിയാണ്. അക്കാലത്ത് പെൺകുട്ടികൾ പൊതുവെ നാലോ അഞ്ചോ ക്ലാസുകളിലെ പഠനം കൊണ്ട് വിദ്യാഭ്യാസം അവസാനിപ്പിക്കാറായിരുന്നു. എന്നാൽ ഇന്ന് പെൺകുട്ടികളും തുടർ വിദ്യാഭ്യാസം പൂർത്തിയാക്കി ഉയരങ്ങളിലെത്തിച്ചേരുന്നുണ്ട്.

ആദ്യകാല അദ്ധ്യാപകരിൽ എടുത്തു പറയേണ്ട ചില പേരുകൾ മാധവൻ മാസ്റ്റർ, മുർത്തളമാസ്റ്റർ എന്നിവരുടേതാണ്. തുടന്ന് അധ്യാപകരായി പരമേശ്വരൻ മാസ്റ്റർ, അബ്ദുമാസ്റ്റർ, അസൈനാർ മാസ്റ്റർ, മുഹമ്മദുണ്ണി മാസ്റ്റർ, ചന്ദ്രമതിട്ടീച്ചർ, ഫിലോമിനട്ടീച്ചർ, ഏലിയാമ്മടീച്ചർ, കുഞ്ഞിമൊയ്തീൻ മാസ്റ്റർ, ഷേർളിടീച്ചർ തുടങ്ങിയവരാണ് വിദ്യാലയത്തെ അക്കാദമികമായി ഉയർത്തിയത്.  2019 മുതൽ സുരേന്ദ്രൻ മാഷാണ് പ്രധാനാധ്യാപകൻ. 1995 മുതൽ ഒന്നു മുതൽ നാലു വരെ ക്ലാസുകൾ ഈരണ്ടു ഡിവിഷനുകളായാണ് പ്രവർത്തിക്കുന്നത്. പാഠ്യേതരവിഷയത്തിൽ കുട്ടികൾക്ക് പരിശീലനം നൽകി ജില്ലാതലത്തിൽ വരെ സമ്മാനങ്ങൾ നേടുവാൻ കഴിഞ്ഞിട്ടുണ്ട്. രക്ഷിതാക്കളുടെയും നാട്ടുകാരുടെയും നിർലോപമായ സഹകരണം ഈ സ്ഥാപനത്തിന് എക്കാലത്തും വളർച്ചയിലേയ്ക്കുള്ള ചവിട്ടുപടിയായി നിലനിൽക്കുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി.  നമ്മുടെ വിദ്യാലയത്തെയും  മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ രൂപപ്പെടുത്തിയതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. വിദ്യാലയവും സമൂഹവും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി നടത്തുന്ന  ഇടപെലുകളിലൂടെ നമ്മുടെ വിദ്യാലയത്തെ ഈ മാസ്റ്റർപ്ലാൻ വിഭാവനം ചെയ്യുന്ന ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കാൻ കഴിയും.

# മലയാളം

**ലക്ഷ്യം : കുട്ടികൾക്ക് വായിക്കാനുള്ള കഴിവ് വർദ്ധിപ്പിച്ച് വായനയിലും എഴുത്തിലും താല്പര്യമുള്ളവരാക്കുക**

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക ചുമതല |
|---|---|---|---|---|---|
| 1 | പാഠ്യപദ്ധതി ലക്ഷ്യങ്ങൾക്കനുസരിച്ചുള്ള പഠന പ്രവർത്തനങ്ങൾക്ക് യോജിച്ചതും കുട്ടികളുടെ സ്വതന്ത്രമായ വായനയ്ക്ക് അവസരം നൽകുന്നതു മായ പുസ്തകങ്ങൾ ക്ലാസ് മുറിയിൽ ഒരുക്കി കുട്ടി കൾക്ക് ആനന്ദകരമായ വായനാനുഭവം ഉറപ്പാക്കുക | **ലൈബ്രറി നവീകരണം**<br>• **പുസ്തകങ്ങൾ തരം തിരിക്കൽ**<br>സ്കൂൾ ലൈബ്രറിയിലെ എല്ലാ പുസ്തകങ്ങളും പരിശോധിച്ച് എല്ലാ ക്ലാസിലെ കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് വയിക്കാൻ പറ്റുന്ന തരത്തിൽ തരം തരിച്ച് വെയ്ക്കൽ<br>• **പുസ്തകശേഖരണം**<br>തരംതരിച്ചതിന്റെ അടിസ്ഥാനത്തിൽ കുറവുള്ള പുസ്തകങ്ങൾ മാതൃഭൂമി, മനോരമ, ശാസ്ത്ര സാഹിത്യ പരിഷത്ത് തുടങ്ങിയ പുസ്തകശാലയിൽ നിന്ന് വാങ്ങുക. കുട്ടികളുടെ വീട്ടിലുള്ള പുസ്തകങ്ങൾ ശേഖരിക്കുക<br>• **വായനാകോർണർ**<br>കുട്ടികൾക്ക് സ്വസ്ഥമായി ഇരുന്ന് വായിക്കാൻ ഹോളിൽ വായനാകോർണർ ശരിയാക്കുക.<br>• വീട്ടിൽ ഒരു വായനക്കൂട് ലൈബ്രറിക്ക് തുടക്കം.<br>**പത്രശേഖരണം**<br>• എല്ലാ ക്ലാസിലേക്കും ഒരു പത്രമെങ്കിലും കിട്ടത്തക്ക വിധത്തിൽ വിവിധ ക്ലബുകൾ,സ്പോൺസർ എന്നിവരിൽ നിന്ന് ശേഖരിക്കുക<br><br>**വായനാ കാർഡ് നിർമാണം**<br>• അമ്മമാരുടെ രചനാശില്പശാല - അമ്മമാർക്ക് ഓരോ ക്ലാസിലേയും കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള വായനാകാർഡ് നിർമിക്കുന്നതിനുള്ള പരിശീലനം | മെയ്<br><br>മെയ്<br><br>ജൂൺ<br><br>ജൂൺ<br><br>ജൂലായ് | വിദ്യാരംഗം<br><br>വിദ്യാരംഗം<br><br>അധ്യാപകർ, കുട്ടികൾ<br><br>ഭാഷാക്ലബ്<br><br>എസ് ആർ ജി | എസ്.ആർ. ജി<br><br>ക്ലബ് |

| | | | | | |
|---|---|---|---|---|---|
| 2 | വ്യക്തിഗതമായും സംഘമായും,ഭാഷാപരമ യ വ്യത്യസ്ത തരം സർഗാത്മക ആവിഷ്കാരത്തിന് അവസരമൊരുക്കുക | **സ്കൂൾ അസംബ്ലി**<br>• ഓരോ സ്ക്കൂൾ അസംബ്ലിയും ഓരോ ക്ലാസുകാർ ഏറ്റെടുത്ത് നടത്തുക.<br>• കഥാവായന, പുസ്തകപരിചയം, കഥാപുസ്തകത്തിലെ ഇഷ്ടപ്പെട്ട കഥാപാത്രത്തെക്കുറിച്ച് സംസാരിക്കൽ, തുടങ്ങിയ വായനയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക. ( ഒരു അസംബ്ലിയിൽ ഒരെണ്ണം)<br><br>**സ്കൂൾ റേഡിയോ**<br>• എല്ലാ ക്ലാസിലേയ്ക്കും കേൾക്കത്തക്ക വിധത്തിൽ സ്പീക്കർ സ്ഥാപിക്കൽ<br>• റീഡേഴ് തീയ്യറ്റർ, കവിതാലാപനം,സ്കൂൾ വാർത്താ വായന ,പ്രസംഗം തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുക<br><br>**ബാലസഭ**<br>• റോൾപ്ലേ, റീഡേസ് തിയ്യറ്റർ, കവിതാവിഷ്കാരം, പാവനാടകം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക<br>• **പാവനാടകം**<br>* പാവനിർമാണ ശില്പശാല<br>* പാവനാടക കർട്ടൺ സംഘടിപ്പിക്കൽ : തുണിവാങ്ങി തുന്നിപ്പിക്കൽ<br><br>**വാർഷിക സുവനീർ**<br>• കുട്ടികളുടെ രചനാ ശില്പശാല<br><br>**പഠനോത്സവം**<br>• റോൾപ്ലേ, റീഡേസ് തിയ്യറ്റർ, കവിതാവിഷ്കാരം, പാവനാടകം, പുസ്തക പരിചയം തുടങ്ങിയ പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ<br><br>ജൂൺ മുതൽ മാർച്ച് വരെ<br><br>ജൂൺ മുതൽ മാർച്ച് വരെ<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ഫെബ്രുവരി | അധ്യാപകർ , കുട്ടികൾ<br><br>സർഗവേദി<br><br>സർഗവേദി<br><br>ഭാഷാക്ലബ്<br><br>ഭാഷാക്ലബ് എസ് ആർ ജി | പി.ടി.എ.<br><br>എസ് ആർ ജി<br><br>എസ് ആർ ജി |

# ഗണിതം

**ലക്ഷ്യം . സ്കൂളിലെ അക്കാദമിക് പ്രവർത്തനങ്ങളെ ആകെത്തന്നെ ഗണനചിന്തയുടെ വികാസത്തിനുതകും വിധം രൂപനിർണയം ചെയ്യുന്നു**

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക ചുമതല |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ഗണനചിന്ത വികസിപ്പിക്കാൻ കഴിയുന്ന വിധം പഠനപ്രവർത്തനങ്ങളെ ആകെ നവീകരിക്കുക.. | **ഗണിതക്ലബ് രൂപീകരണം**<br>• എല്ലാ ക്ലാസിലേയും കുട്ടികൾക്ക് പ്രാതിനിധ്യം നൽകി ക്ലബ് രൂപീകരിക്കുന്നു.<br>**ഗണിതമൂല**<br>• ഓരോ ക്ലാസിലും ഓരോ യൂണിറ്റിലേയും പഠനപ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠനോപകരണങ്ങൾ കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടു കൂടി അതതു സന്ദർഭങ്ങളിൽ തയ്യാറാക്കുന്നു.<br>• ഓരോ കുട്ടിക്കും ഗണിത കിറ്റ് രക്ഷിതാക്കളുടെ സഹായത്തോടു കൂടി ഒരുക്കുന്നു. | ജൂൺ<br><br>ജൂൺ മുതൽ മാച്ച് വരെ | ഗണിതക്ലബ്<br><br>ക്ലാസ് ടീച്ചർ, രക്ഷിതാവ് | |
| 2 | ഗണനചിന്തയിലേയ്ക്ക് നയിക്കുന്ന പൊതു പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം ഒരുക്കുക. | **ഗണിത പസ്സിൽ**<br>• ഗണിത പസ്സിലുകൾ ശേഖരിക്കുന്നു. SRG ചർച്ച ചെയ്യുന്നു.<br>• ആഴ്ചയിൽ ഒരു ഗണിത പസ്സിൽ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.നിശ്ചിത ദിവസത്തിനുശേഷം കുട്ടികൾ ഉത്തരം കണ്ടെത്തി വരുന്നു. ക്ലാസിൽ പ്സസിലിന്റെ യുക്തി ക്ലാസിൽ ചർച്ച ചെയ്ത് കണ്ടെത്തുന്നു.<br>**ഗണിത കളികൾ**<br>• ഗണിതകളികൾ ശേഖരിക്കുന്നു.<br>• ഓരോ ആഴ്ചയിലും ഒരു കളി വീതം കളിക്കുന്നു. | ജൂൺ മുതൽ മാച്ച് വരെ<br><br>ജൂൺ മുതൽ മാച്ച് വരെ | ക്ലാസ് ടീച്ചർ,<br><br>ക്ലാസ് ടീച്ചർ, | |
| 3 | ഗണനചിന്ത ആവിഷ്ക്കരിക്കുന്നതിനുള്ള അവസരം ഒരുക്കുക. | **ഗണിത മേള**<br>• ഗണിത പസ്സിൽ, ഗണിതകളികൾ, കുട്ടിച്ചന്ത, പഠനോപകരണപ്രദർശനം തുടങ്ങിയവ ഉൾപ്പെടുത്തി ഗണിതമേള നടത്തുന്നു. | ഫെബ്രുവരി | ഗണിതക്ലബ് ,ക്ലാസ് ടീച്ചർ | |

# ശാസ്ത്രം

**ലക്ഷ്യം . ശാസ്ത്ര അഭിരുചി വളർത്തുന്നു.**

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക ചുമതല |
|---|---|---|---|---|---|
| 1 | ശാസ്ത്ര അഭിരുചി വളർത്തുന്നു. | എക്സ്പിരിമെന്റ് കോർണർ.<br>• ആഴ്ചതോറും നടന്നുവരുന്ന ലഘുപരീക്ഷണങ്ങളുടെ ഭാഗമായി തങ്ങൾക്ക് പ്രയോജനപ്രദമായ വസ്തുക്കൾ സംഘടിപ്പിച്ച സ്കൂളിൽ ഒരു ശാസ്ത്ര ലാബ് സജ്ജമാക്കുന്നു.<br><br>ശാസ്ത്രജ്ഞരെ പരിചയപ്പെടാം<br>• എല്ലാ മാസവും ശാസ്ത്ര ക്ലബ് ചേരുമ്പോൾഒരു ഒരു ശാസ്ത്രജ്ഞനെ വിശദമായി പരിചയപ്പെടുത്തുന്നു...(ആ ശാസ്ത്രജ്ഞന്റെ ഫോട്ടോയും അദ്ദേഹത്തെ കുറിച്ചുള്ള വിവരണവും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നതായിരിക്കും) | ജൂൺ മുതൽ മാച്ച് വരെ | ശാസ്ത്ര ക്ലബ് | |

# അറബിക്

**ലക്ഷ്യം . ആസ്വദിച്ച് അറബി ഭാഷ പഠിക്കുക**

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക ചുമതല |
|---|---|---|---|---|---|
| 1 | അറബി ഭാഷയിൽ ആശയവിനിമയ ശേഷി ഉണ്ടാക്കുക | അറബി അസംബ്ലി<br>ഭാഷാ കളികൾ<br>ക്വിസ് മത്സരങ്ങൾ | ജൂൺ മുതൽ മാച്ച് വരെ | അറബി ക്ലബ് | |
| 2 | സർഗാത്മക കഴിവുകൾ മെച്ചപ്പെടുത്തുക | അറബി മാഗസിൻ | | | |
| 3 | പദസമ്പത്ത് വർദ്ധിപ്പിക്കുക | വളരുന്ന നിഘണ്ഡു | | | |
| 4 | ഭാഷാ പഠനം എളുപ്പമാക്കുക | പദപരിചയം | | | |

# English

**Aim: Develop children"s ability to speak English**

| No | Aim | Activities | Period | Authority / Duty | Evaluation / Effectiveness |
|---|---|---|---|---|---|
| 1 | Improving the ability to speak and write in English | Assembly meetings(children have full control of the assembly) | A year around | | |
| 2 | Ability to write English with out errors | Write down daily activities at home and at school in an English diary entry. | Two days a week (A year around) | | |
| 3 | Listing skills | Games , Action songs<br>- Hello English Activities<br>-Conversations<br>-Skit stories<br>-Use ICT | | | |
| 4 | Development of creative writing skills | Preparing magazine including children writing | | | |
| 5 | Speaking skills | -Identify the naming words from the picture<br>-Identify the action words from the pictures<br>- Make a simple sentences using the word about picture<br>-Make simple description about the picture<br>-Growing sentences ,picture reading , self introduction | | | |